പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 444 29/06/2012-ൽ മറുപടിക്ക്

## കെട്ടിട നിർമ്മാണ മേഖലയിലെ തട്ടിപ്പുകളും ചൂഷണങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി:<br>ശ്രീ. വി.എഫ്.ഉമ്മൻ മാസ്റ്റർ:<br>ശ്രീ. സി.മോയിൻകുട്ടി:<br>ശ്രീ. പി.ഉബൈദുള്ള: | | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാതാക്കളുടെയും, നിർമ്മാണക്കമ്പനികളുടെയും പ്രവർത്തനം നിരീക്ഷിക്കാനും, വിലയിരുത്താനുമുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാതാക്കളുടെയും, നിർമ്മാണക്കമ്പനികളുടെയും പ്രവർത്തനം നിരീക്ഷിക്കുന്നതിന്റെയും, വിലയിരുത്തുന്നതിന്റെയും ആവശ്യകത സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ഇത് സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമ നിർമ്മാണം നടത്തുന്നതാണ്. |
| (ബി) | കെട്ടിട നിർമ്മാണ മേഖലയിലെ തട്ടിപ്പുകളും ചൂഷണങ്ങളും അതു മുഖേനയുണ്ടാകുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ഭവന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനായി ഒരു റിയൽ എസ്റ്റേറ്റ് ബിൽ കേന്ദ്ര സർക്കാർ തയ്യാറാക്കി വരികയാണ്. പ്രസ്തുത ബിൽ നിയമമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ സംസ്ഥാന സർക്കാർ അതിനനുസൃതമായ നിയമ നിർമ്മാണം നടത്തുന്നതാണ്. |
| (സി) | പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങൾ മാറിയ പരിതസ്ഥിതികൾക്ക് അനുസരിച്ച് പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സൗകര്യങ്ങളും, സുരക്ഷയും കണക്കിലെടുത്താണ് പ്രധാനമായും കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നത്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ആവശ്യമെന്നു കണ്ടാൽ ഭേദഗതി വരുത്തുന്നതാണ്.. |

സെക്ഷൻ ആഫീസർ